# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
## തിരുവനന്തപുരം

നം. ബി1/18942/2012/ഡി.എം.ഇ തീയതി.23/11/2012

## വിജ്ഞാപനം

**വിഷയം: ബി.ഫാം ലാററൽ എൻട്രി പ്രവേശനം 2012**

ബി.ഫാം ലാററൽ എൻട്രി കോഴ്സ് (2012) പ്രവേശനത്തിനുള്ള കൗൺസിലിംഗ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേററ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ വച്ച് 2012 ഡിസംബർ മാസം 4-ാം തീയതി രാവിലെ 11 മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും സീററുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. പ്രവേശന പരീക്ഷയുടെ അഡ്മിററ് കാർഡും പ്രോസ്പക്ടസ് പ്രകാരമുള്ള സർട്ടിഫിക്കററുകളുടെ അസ്സലും സഹിതം റാങ്ക് ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ളവർ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം യാതൊരു കാരണവശാലും അവരെ കൗൺസിലിംഗിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. റിസർവേഷൻ വിഭാഗക്കാർ ജാതി സർട്ടിഫിക്കററും വരുമാന സർട്ടിഫിക്കററുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ള എല്ലാവരും ഇന്റർവ്യൂവിനു അന്നേ ദിവസം ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ www.dme.kerala.gov.in എന്ന വെബ്സൈററിൽ ലഭ്യമാണ്.

ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1) ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
2) നോട്ടീസ് ബോർഡ്
3) ഡി.എം.ഇ യുടെ സി.എ/ജെ.ഡി.എം.ഇ. (ജി)/(എം)
4) സർജന്റ്